I ഇ.ബി. XV - കേരള നിയമസഭ/III-6

**പതിനഞ്ചാം കേരള നിയമസഭ**

മൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ഒക്ടോബർ 11, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. മന്ത്രിയുടെ പ്രസ്താവന

നക്ഷത്രചിഹ്നമിട്ട 1-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 1-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ഭക്ഷ്യ-

പൊതുവിതരണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയം

### വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണം

മി. സ്പീക്കർ: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണം നീളുന്നതുമൂലം സംസ്ഥാന സമ്പദ്വ്യവസ്ഥയ്ക്ക് ഉണ്ടാകുന്നതായി പറയപ്പെടുന്ന നഷ്ടവും പദ്ധതിപ്രദേശത്തെ ജനങ്ങളുടെ ആശങ്കയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): അദാനി തുറമുഖ കമ്പനിയുമായുള്ള കരാർപ്രകാരം 2019 ഡിസംബർ 3-ന് വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യേണ്ടതാണെങ്കിലും പുലിമുട്ട് നിർമ്മാണം പൂർത്തിയാകാത്തതിനാൽ സാധിച്ചിട്ടില്ല. പാറ ലഭിക്കാത്തതാണ് പുലിമുട്ട് നിർമ്മാണം തടസ്സപ്പെടാൻ പ്രധാന കാരണമായി

പറയുന്നത്. കാലതാമസം വരുത്തിയതിന് നോട്ടീസ് നൽകുകയും കമ്പനി ആർബിട്രേഷൻ ട്രൈബ്യൂണലിനെ സമീപിക്കുകയും ചെയ്തിരിക്കുകയാണ്. അടുത്ത മൺസൂണിനുള്ളിൽ പുലിമുട്ട് നിർമ്മാണത്തിന്റെ ഗണ്യമായ ഭാഗം പൂർത്തീകരിക്കുമെന്ന് കമ്പനി ഉറപ്പുനൽകിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനങ്ങളും തൊഴിലാളികളുടെ ലഭ്യതക്കുറവും പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രാവർത്തികമാകുമ്പോൾ പുനരധിവസിപ്പിക്കേണ്ട മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിനും അർഹമായ നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനുമുള്ള കമ്മിറ്റി സമർപ്പിച്ച ശിപാർശകൾ നടപ്പാക്കിയിട്ടുണ്ട്. പുനരധിവാസ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപ ചെലവാക്കിയതിനുപുറമെ ഈ മേഖലയിൽ നിരവധി സാമൂഹിക ക്ഷേമപ്രവർത്തനങ്ങളും കമ്പനിയും സർക്കാരും ചേർന്ന് നടപ്പിലാക്കിവരുന്നു. പദ്ധതിക്കാവശ്യമായ ഭൂമി, ജലം, വൈദ്യുതി, അപ്രോച്ച് റോഡ്, റെയിൽ കണക്ടിവിറ്റി എന്നിവ ലഭ്യമാക്കേണ്ട ചുമതല സർക്കാരിനാണ്. ഇതൊന്നും പദ്ധതിയുടെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്.

ശ്രീ. എം. വിൻസെന്റ്: യു.ഡി.എഫ്. ഗവൺമെന്റിന്റെ നിരന്തരമായ കഠിനാദ്ധ്വാനത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായാണ് 2015-ൽ വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമായത്. ആയിരം ദിവസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് ഉറപ്പുനൽകിയ പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണംപോലും ഇതുവരെ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. കാലതാമസം നേരിട്ടതിന്റെ ഉത്തരവാദിത്തം സർക്കാരിനും നിർമ്മാണക്കമ്പനിക്കുമാണ്. പദ്ധതി കൃത്യമായി മോണിറ്റർ ചെയ്യാനോ തിരുത്തലുകൾ വരുത്താനോ സർക്കാർ തയ്യാറായിട്ടില്ല. പാറ ലഭ്യമാക്കാനുള്ള നടപടി കമ്പനി സ്വീകരിച്ചില്ലെങ്കിൽ ഉത്തരവാദിത്തം സർക്കാർ ഏറ്റെടുക്കണം. പുലിമുട്ട് നിർമ്മാണത്തിലെ കാലതാമസംമൂലമാണ് കടൽ നികത്തൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തത്. സീ ഫുഡ് പാർക്കിനായി ഏറ്റെടുത്ത സ്ഥലത്ത് തുടർനടപടി സ്വീകരിക്കുകയോ തദ്ദേശവാസികളുമായുണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): 2015-ൽ കരാർ ഒപ്പുവച്ച് 2019-ൽ കമ്മീഷൻ

ചെയ്യേണ്ടിയിരുന്ന വിഴിഞ്ഞം പദ്ധതി വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാൻ സാധിച്ചില്ലെന്നത് യഥാർത്ഥ്യമാണ്. പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി 810 മീറ്റർ ബ്രേക്ക് വാട്ടർ പൂർത്തീകരിക്കുകയും രണ്ടാംഘട്ട ബ്രേക്ക് വാട്ടറിന്റെ പ്രവൃത്തി ഒക്ടോബർ-1-ന് ആരംഭിക്കുന്നതുമാണ്; ആയതിലേയ്ക്ക് കരുതൽ ശേഖരമായി 15 ലക്ഷം ടൺ പാറ ലഭ്യമായിട്ടുണ്ട്. ഇതിന്റെ ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി Vizhinjam International Seaport Ltd (VISL)-ന്റെ എം.ഡി. യുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തി ആഴ്ചതോറും റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പാറയുടെ ലഭ്യതക്കുറവ് പരിഹരിച്ച് 2022 നവംബർ മാസം വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിടുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): നിരവധി നിയമപോരാട്ടങ്ങളും പ്രതികൂലസാഹചര്യങ്ങളും അതിജീവിച്ചാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം 2015-ൽ ആരംഭിച്ചത്. 2019 ഡിസംബർ 3-നകം പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ 90 ദിവസത്തെ

ഗ്രേസ് പിരീഡ് കൊടുക്കാമെന്നും തുടർന്നും പൂർത്തീകരിക്കാത്തപക്ഷം പ്രതിദിനം 12 ലക്ഷം രൂപ വച്ച് പെനാൽറ്റി ഈടാക്കണമെന്നുമാണ് വ്യവസ്ഥ. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പാറ ലഭ്യമാക്കേണ്ട ഉത്തരവാദിത്തം കരാർ കമ്പനിക്കാണ്. വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട ഇടപെടലുകളും മോണിറ്ററിംഗും കൃത്യമായി നടത്തി പദ്ധതി പ്രദേശത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കണം. പദ്ധതി പ്രദേശത്ത് പാരിസ്ഥിതികാഘാത പഠനം നടത്തണം. ഡ്രഡ്ജിംഗ്, പൈലിംഗ് എന്നിവമൂലം മത്സ്യലഭ്യതയിൽ കുറവുണ്ടാകുകയും വീടുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും തീരപ്രദേശങ്ങളിൽ തീരശോഷണമുണ്ടാകുകയും ചെയ്യുന്നത് സംബന്ധിച്ച് പരിശോധിക്കണം. പദ്ധതി പ്രദേശത്തെ പുനരധിവാസ പാക്കേജിനായി അനുവദിച്ച 475 കോടി രൂപയുടെ പ്രോജക്ട് സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

## III. ശ്രദ്ധക്ഷണിക്കൽ

(1) <u>കാത്തലിക് സിറിയൻ ബാങ്കിന്റെ തൊഴിലാളിവിരുദ്ധ നടപടികൾ</u>

<u>ശ്രീ. പി. നന്ദകുമാർ</u>: കാത്തലിക് സിറിയൻ ബാങ്കിന്റെ ഭരണസമിതി കടുത്ത ജനവിരുദ്ധ/തൊഴിലാളിവിരുദ്ധ നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബാങ്കിന്റെ തലപ്പത്തുള്ള തസ്തികകളിൽ മറ്റ് സ്വകാര്യ സ്ഥാപനങ്ങളിൽനിന്നുള്ളവരെ വൻ ആനുകൂല്യം കൊടുത്ത് നിയമിച്ചിരിക്കുകയാണ്. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം ലഭിച്ചവർക്ക് ജോലിഭാരം കൂടുതലാണ്. ബാങ്കിന്റെ ഇത്തരം നടപടികൾക്കെതിരെ മാനേജ്മെന്റുമായി ചർച്ച നടത്താൻ സർക്കാർ തയ്യാറാകണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): കാത്തലിക് സിറിയൻ ബാങ്കുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ഇതുസംബന്ധിച്ച് തൊഴിലാളി സംഘടനകൾ നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. ഷെഡ്യൂൾഡ് ബാങ്കുകൾ റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളായതിനാൽ ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന് ഇടപെടുന്നതിന്

പരിമിതികളുണ്ടെങ്കിലും മാനേജ്മെന്റുമായി ചർച്ച നടത്തുന്നതാണ്.

## (2) മത്സ്യത്തൊഴിലാളികൾ നേരിടുന്ന ദുരിതങ്ങൾ

ശ്രീ. രമേശ് ചെന്നിത്തല: തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾ കടുത്ത ദുരിതങ്ങളാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കാനാവശ്യമായ വിദഗ്ദ്ധ ജീവനക്കാരോ, സാങ്കേതിക സംവിധാനങ്ങളോ ഇല്ല. അപകടത്തിൽപ്പെടുന്നവർക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുക, ഇൻഷ്വറൻസ് പ്രീമിയം പൂർണ്ണമായും സർക്കാർ അടയ്ക്കുക, തകർന്ന മത്സ്യബന്ധനോപകരണങ്ങൾക്ക് നഷ്ടപരിഹാരം നൽകുക, മത്സ്യബന്ധനത്തിനിടെ ഹൃദയാഘാതംമൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ആനുകൂല്യം നൽകുക, ഇന്ധന സബ്സിഡി പുന:സ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ നടപ്പിലാക്കി മത്സ്യത്തൊഴിലാളികളുടെ പ്രയാസങ്ങൾ പരിഹരിക്കണം. പുനർഗേഹം പദ്ധതിയുടെ ആനുകൂല്യം 25 ലക്ഷം രൂപയാക്കി ഉയർത്തുന്നതിനും ലൈഫ് പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് വീട് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. മത്സ്യബന്ധനത്തിനിടെ അപകടത്തിൽ മരണപ്പെട്ട ഹരിപ്പാട് നിയോജകമണ്ഡലത്തിലെ നാല് മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് നഷ്ടപരിഹാരം അനുവദിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): മത്സ്യബന്ധനത്തിനിടെ മരണപ്പെട്ടവരിൽ മൂന്നുപേർക്ക് ഇൻഷ്വറൻസ് പരിരക്ഷയില്ലാത്തതിനാൽ പ്രത്യേകമായി പരിഗണിച്ചാൽ മാത്രമേ നഷ്ടപരിഹാരം അനുവദിക്കാൻ സാധിക്കുകയുള്ളൂ. തോട്ടപ്പള്ളി മേഖലയിൽ അപകടമുണ്ടായാൽ തരണം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയം പൂർണ്ണമായും നൽകുന്ന കാര്യവും മത്സ്യബന്ധനത്തിനിടെ ഹൃദയാഘാതംമൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ആനുകൂല്യം നൽകുന്ന കാര്യവും പരിഗണിക്കുന്നതാണ്. കേന്ദ്രാനുമതി ലഭ്യമായാലുടൻ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി മണ്ണെണ്ണ ലഭ്യമാക്കുന്നതാണ്. തീരശോഷണം, ആവാസവ്യവസ്ഥയിലുണ്ടാകുന്ന മാറ്റം എന്നിവ പഠനവിധേയമാക്കി പരിഹാരം കാണും. അപേക്ഷ നൽകുന്ന മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും വീടുകൾ നിർമ്മിച്ചു നൽകുന്നതാണ്.

## IV. സബ്മിഷൻ

### (1) പ്ലസ് വൺ പ്രവേശനം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സംസ്ഥാനത്തെ പ്ലസ് വൺ പ്രവേശനത്തിലെ പ്രതിസന്ധി അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): പ്ലസ് വൺ പ്രവേശനത്തോടനുബന്ധിച്ച രണ്ടാംഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ പൂർത്തിയായാലുടൻ സീറ്റുകളുടെ കുറവ് സംബന്ധിച്ച പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് പ്രയാസമുണ്ടാകാത്തവിധം ഉപരിപഠനത്തിനുള്ള സൗകര്യമൊരുക്കുന്നതാണ്. രണ്ടാമത്തെ അലോട്ട്മെന്റ് ഈ മാസം 23-ാം തീയതി മാത്രമേ പൂർത്തീകരിക്കുകയുള്ളൂ. അതിനുശേഷം താലൂക്ക് അടിസ്ഥാനത്തിൽ വിഷയങ്ങളുടെയും സ്കൂളുകളുടെയും സീറ്റ് വർദ്ധനവ് സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും ഉപരിപഠനത്തിനുള്ള സൗകര്യമൊരുക്കുന്നതാണ്.

(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷമൊന്നടങ്കം സഭ വിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

## (2) ഫെയർ പ്രൈസ് ഷോപ്പ് ഓണേഴ്സ് ലൈസൻസ്

ശ്രീ. വി. ശശി: ഫെയർ പ്രൈസ് ഷോപ്പ് ഓണേഴ്സ് ലൈസൻസിൽ പട്ടിക വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം.

ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): 1966-ലെ കേരള റേഷനിംഗ് ഓർഡർ പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 8 ശതമാനവും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 2 ശതമാനവും ഭിന്നശേഷിക്കാർക്ക് 5 ശതമാനവും വനിതകൾക്ക് 20 ശതമാനവും എന്ന നിലയിലാണ് റേഷൻ കട ലൈസൻസി നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തിയിരിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹമായ സംവരണം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (3) തീരദേശ പട്ടയങ്ങൾ

ശ്രീ. എം. വിൻസെന്റ്: കോവളം നിയോജകമണ്ഡലത്തിലെ തീരദേശ പട്ടയങ്ങൾക്ക് അനുമതി നൽകുന്നതിനും പട്ടയ അപേക്ഷകരുടെ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് പ്രത്യേക യോഗം വിളിക്കുന്നതിനും കരുംകുളം-കോട്ടുകാൽ-പൂവാർ വില്ലേജുകളിൽ സർവ്വേ നടത്തുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കരുംകുളം-കോട്ടുകാൽ-പൂവാർ വില്ലേജുകളിൽ ലഭിച്ച അപേക്ഷകളുടെ നടപടിക്രമങ്ങളിൽ ഭൂരിഭാഗവും പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വേ സ്കെച്ച് തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ ഒരു ടീം രൂപീകരിച്ച് ടി വില്ലേജുകളിലെ വിഷയം ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം ചേരുന്ന കാര്യം പരിഗണനയിലാണ്. തടസ്സങ്ങൾ പരിഹരിച്ച് പട്ടയ വിതരണം ഊർജ്ജിതമാക്കുന്നതും ഡിസംബർ മാസത്തോടെ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കുന്നതുമാണ്.

## (4) ആഭരണ വ്യാപാര രംഗത്തെ പ്രതിസന്ധി

ഡോ. എം. കെ. മുനീർ: ആഭരണ വ്യാപാര രംഗത്തെ പ്രതിസന്ധി അവസാനിപ്പിക്കുന്നതിനും വാറ്റ് കുടിശ്ശിക കേസ്സുകൾ തീർപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കെട്ടിടങ്ങളുടെ വാടക ഒഴിവാക്കി നൽകിയും വ്യാപാരികൾക്ക് പ്രത്യേക സഹായ പാക്കേജ് പ്രഖ്യാപിച്ചും കോവിഡ് കാലത്ത് വ്യാപാരികളെ സഹായിച്ചിട്ടുണ്ട്. നികുതി പിരിച്ചെടുക്കുന്നതിനും നികുതിച്ചോർച്ച തടയുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. വ്യാപാരികളുടെ വാഹന പരിശോധന, കട പരിശോധന എന്നിവയിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വർണ്ണവ്യാപാര മേഖലയിൽ സുതാര്യത ഉറപ്പാക്കുന്നതിന് ഇ-വേ ബിൽ സംവിധാനം ഏർപ്പെടുത്തുകയും നികുതി പിരിവ് കർശനമാക്കുന്നതിനും വാറ്റ് കുടിശ്ശിക കേസ്സുകൾ തീർപ്പാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(5) പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾക്ക് ഉപരിപഠനം

ശ്രീ. എ. പി. അനിൽ കുമാർ: മലപ്പുറം ജില്ലയിൽ പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് അവസരമൊരുക്കുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): മലപ്പുറം ജില്ലയിൽ ബിരുദ പഠനത്തിന് സർക്കാർ/എയിഡഡ്/സ്വാശ്രയ കോളേജുകളിലായി 25000-ത്തോളം സീറ്റുകൾ നിലവിലുണ്ട്; ഇതിനുപുറമെ പോളിടെക്നിക്, ഐ.ടി.ഐ., ടി.ടി.സി. മുതലായ കോഴ്സുകളിലും സീറ്റുകൾ ഒഴിവുണ്ട്.

(6) ചലച്ചിത്ര-നാടക പ്രവർത്തകർക്ക് സഹായം

ശ്രീമതി ദെലീമ: ചലച്ചിത്ര-നാടക അണിയറ പ്രവർത്തകർക്കും കലാകാരന്മാർക്കും സഹായം നൽകുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്ന സ്ഥിരം താമസക്കാരായ കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കുമായി 1000 രൂപ വീതം അടിയന്തര ധനസഹായം

നൽകിയിട്ടുണ്ട്. സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാത്തതും മറ്റ് ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തതുമായ കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും 1000 രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വിതരണം ചെയ്തതിനു പുറമെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്കും 1000 രൂപ വീതം വിതരണം ചെയ്തുവരുന്നു. കോവിഡ് അനുബന്ധ ലോക്ഡൗൺ നിമിത്തം ദുരിതമനുഭവിക്കുന്ന കലാകാരന്മാർക്ക് ഈ വർഷം ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായി ലളിത കലാ അക്കാദമി മുഖാന്തരം 'നിറം നിറകേരളം' പദ്ധതിയിൽ ചിത്രകാരന്മാർക്കും മറ്റ് കലാകാരന്മാർക്കുമായി 20,000 രൂപ ധനസഹായവും പെയിന്റിംഗ് ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്. 60 വയസ്സുകഴിഞ്ഞ എല്ലാവർക്കും ക്ഷേമപെൻഷൻ നൽകുന്നുണ്ട്. സ്കൂളുകൾ തുറക്കുന്നതോടൊപ്പം കലാപഠന കേന്ദ്രങ്ങൾ തുറക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

## (7) കൊല്ലം ജവഹർ ബാലഭവന്റെ പ്രവർത്തനം

ശ്രീ. എം. നൗഷാദ്: കൊല്ലം ജവഹർ ബാലഭവന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ജീവനക്കാർക്ക് ശമ്പള/ശമ്പളപരിഷ്കരണ കുടിശ്ശിക

അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): കൊല്ലം ജില്ലാ ജവഹർ ബാലഭവന് 2021-22 സാമ്പത്തിക വർഷം ശമ്പള/ശമ്പളേതര ചെലവുകൾക്കായി 35.26 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും 21,68,750 രൂപ കൈമാറിയിട്ടുള്ളതുമാണ്. ആവശ്യമായ അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിക്കുന്ന മുറയ്ക്ക് നടപ്പു സാമ്പത്തികവർഷത്തെ ബാക്കി തുക അനുവദിക്കുന്നതാണ്. ശമ്പള പരിഷ്കരണത്തിനാനുപാതികമായി പദ്ധതിയേതര വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ജവഹർ ബാലഭവനുകളിലെ ജീവനക്കാർക്ക് ശമ്പള കുടിശ്ശിക അനുവദിക്കുന്നതിനായി 2020-21 സാമ്പത്തികവർഷം 75 ലക്ഷം രൂപ അധിക ധനാനുമതിയിലൂടെ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന ബാലഭവനുകളുടെ ഭരണഘടന, പ്രവർത്തന ശൈലി എന്നിവ ഏകീകരിക്കുന്നതിന് രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

## (8) പരപ്പുഴ പാലം പുനർനിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി: മണലൂർ നിയോജകമണ്ഡലത്തിലെ അമലനഗർ-പാവറട്ടി റോഡിലെ പരപ്പുഴ പാലവും പൊളിച്ചുമാറ്റിയ സർവ്വീസ് റോഡും പുനർനിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പരപ്പുഴ പാലത്തിന് ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാറുകാരന് സൈറ്റ് കൈമാറിയെങ്കിലും പുഴയിൽ ശക്തമായ നീരൊഴുക്കുണ്ടായതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചില്ല. തുടർന്ന് നിലവിലുള്ള പാലം പൊളിച്ചുമാറ്റി പുതിയ പാലത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തി ആരംഭിച്ചുവെങ്കിലും അതിന്റെ വേഗത തടസ്സപ്പെടുകയും പ്രവൃത്തി പിന്നീട് പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പുഴയിൽ വെള്ളം കുറയുന്നതനുസരിച്ച് സർവ്വീസ് റോഡ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. പാലം നിർമ്മാണത്തിനുള്ള കാലാവധി ദീർഘിപ്പിക്കണമെന്ന കരാറുകാരന്റെ ആവശ്യത്തിന്മേൽ നടപടി സ്വീകരിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കൃത്യമായ വർക്ക് ഷെഡ്യൂൾ തയ്യാറാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## (9) ചവറ പാലം നിർമ്മാണം

ഡോ.സുജിത് വിജയൻപിള്ള: ചവറയിലെ പി. എസ്. കനാലിന് കുറുകെ പുതിയ പാലം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ചവറയിൽ പഴയ പാലം നിലനിർത്തുന്നതുമായി ബന്ധപ്പെട്ട് ദേശീയ പാതാ വികസന അതോറിറ്റി ഓഫ് ഇന്ത്യ ഡി.പി.ആർ. കൺസൾട്ടന്റിന്റെ അഭിപ്രായം രേഖപ്പെടുത്തി നൽകിയ റിപ്പോർട്ട് അനുസരിച്ച് നിലവിലുള്ള ചവറ പാലത്തിന് വീതി കൂട്ടാൻ സാധിക്കില്ല. ദേശീയ പാത വീതികൂട്ടുമ്പോൾ മൂന്നുവരിയോടുകൂടിയ പുതിയ പാലത്തിന്റെ നിർദ്ദേശം നിലവിലുണ്ട്. ഈ പാലത്തിലൂടെ ഒരു ദിശയിലേയ്ക്കുള്ള വാഹനങ്ങൾ കടത്തിവിടാനും നിലവിലുള്ള പാലം മറുഭാഗത്തേയ്ക്കുള്ള ഗതാഗതത്തിന് ഉപയോഗിക്കാമെന്നും പഴയ പാലത്തിന്റെ സുരക്ഷയ്ക്കായി പുനരുദ്ധാരണ പ്രവൃത്തി നടത്താമെന്നും നിർമ്മാണ സമയത്ത് ഐ.ആർ.സി. മാനദണ്ഡമനുസരിച്ച് നടപടി സ്വീകരിക്കാമെന്നും എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുണ്ട്.

(10) വയനാട് മെഡിക്കൽ കോളേജ്

ശ്രീ. ഒ. ആർ. കേളു: വയനാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): മാനന്തവാടി ജില്ലാ ആശുപത്രി മെഡിക്കൽ കോളേജായി പ്രവർത്തനം തുടങ്ങിയതിനാൽ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾ മുടക്കം കൂടാതെ നടത്തുന്നതിനായി ആശുപത്രി വികസന സമിതി രൂപീകരിക്കുന്നതിനുള്ള ഉത്തരവ് നൽകുകയും നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വയനാട് സർക്കാർ മെഡിക്കൽ കോളേജിനെ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാൻ WAPCOS Limited-നെ കൺസൾട്ടന്റായി നിയമിക്കുകയും അവർ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## V. മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI. റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചു.

സബ്ജക്ട് കമ്മിറ്റി IV-ന്റെ 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ എന്നിവ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചു.

## VII. ക്രമപ്രശ്നം

<u>സമയ ക്ലിപ്തത പാലിക്കുന്നത് സംബന്ധിച്ച്</u>

ചീഫ് വിപ്പ് (<u>ഡോ. എൻ. ജയരാജ്</u>): ബില്ലിന്റെ ചർച്ചാ വേളയിൽ സമയക്രമം പാലിക്കണമെന്നും ചർച്ച ബില്ലിന്റെ പരിധിക്കുള്ളിൽ നിർത്തണമെന്നുമുള്ള വ്യവസ്ഥകൾ സഭാചട്ടങ്ങളുടെ ഭാഗമായി ചേർക്കപ്പെട്ടിട്ടുള്ളതും ഇതുസംബന്ധിച്ച് മുൻകാലങ്ങളിലെ സഭാദ്ധ്യക്ഷന്മാർ

റൂളിംഗുകൾ നൽകിയിട്ടുള്ളതുമാണ്. എന്നാൽ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട ചർച്ചകളിൽ പൊതുവെ വേണ്ടത്ര നിയന്ത്രണം പാലിച്ചിരുന്നില്ല. കൂടുതൽ ബില്ലുകൾ പരിഗണിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ ചർച്ചകൾ നീണ്ടു പോകുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതാണ്. വിഷയത്തിൽനിന്ന് വ്യതിചലിച്ച് ചർച്ച മുന്നേറുന്നത് നിയമനിർമ്മാണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് കോട്ടംതട്ടുന്നതാണ്. ആയതിനാൽ ബില്ലുകളുടെ കാര്യക്ഷമമായ ചർച്ചയ്ക്ക് ഇടയാകുന്ന തരത്തിൽ സമയക്രമം പാലിക്കപ്പെടണമെന്നും വിഷയത്തിലൂന്നി ചർച്ച ചെയ്യണമെന്നും റൂളിംഗ് നൽകണം.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ബില്ലിന്മേലുള്ള ചർച്ചകളിൽ സമയക്രമം പാലിക്കണമെന്നും ചർച്ച ബില്ലിന്റെ പരിധിക്കുള്ളിൽ നിർത്തണമെന്നും സഭാചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതുസംബന്ധിച്ച് വിവിധ സഭാദ്ധ്യക്ഷന്മാരുടെ റൂളിംഗുകളുണ്ടായിട്ടുണ്ടെങ്കിലും ഭരണ-പ്രതിപക്ഷ ധാരണയുടെ അടിസ്ഥാനത്തിൽ ഈയടുത്ത കാലങ്ങളിൽ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട ചർച്ചകളിൽ പൊതുവെ വേണ്ടത്ര നിയന്ത്രണം പാലിച്ചിരുന്നില്ല.

കാര്യോപദേശക സമിതി റിപ്പോർട്ട് സഭ അംഗീകരിച്ചു കഴിഞ്ഞാൽ നിയമനിർമ്മാണത്തിനായി അനുവദിക്കപ്പെടുന്ന മൂന്ന് മണിക്കൂർ സമയം സമിതി ശിപാർശ ചെയ്യുന്ന ബില്ലുകൾക്കായി വിനിയോഗിക്കപ്പെടണമെന്നത് സഭയുടെതന്നെ തീരുമാനമായി മാറുകയാണ് എന്നതിനാൽ ഓരോ ദിവസത്തെയും കാര്യപരിപാടിയുടെ ഭാഗമായുള്ള നിയമനിർമ്മാണം സമയബന്ധിതമായി നിർവ്വഹിക്കപ്പെടുന്നതിന് യുക്തമായ സമയ നിയന്ത്രണം ഏർപ്പെടുത്തേണ്ടത് ചെയറിന്റെ ചുമതലയാണ്. സഭാനടപടി ചട്ടങ്ങളിലെ 77(1), 294 (1), 314 എന്നീ ചട്ടങ്ങൾ ചെയറിന് അതിന് അധികാരം നൽകുന്നുമുണ്ട്.

കൂടുതൽ ബില്ലുകൾ പരിഗണിക്കേണ്ട സന്ദർഭങ്ങളിൽ നിയന്ത്രണമൊന്നും കൂടാതെ ചർച്ചകൾ നീണ്ടുപോകുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കണമെന്ന ഭൂരിപക്ഷ അംഗങ്ങളുടെയും അഭിപ്രായത്തോട് ചെയറും യോജിക്കുന്നു. ഈ സാഹചര്യത്തിൽ ഇന്നുമുതൽ സഭ മുമ്പാകെ വരുന്ന നിയമനിർമ്മാണ കാര്യങ്ങളുടെ ഓരോ ദിവസത്തെയും അവസ്ഥ പരിഗണിച്ച് ഓരോ ബില്ലുകളുടെയും പരിഗണനയ്ക്കായി പ്രത്യേകം സമയക്രമീകരണം ഏർപ്പെടുത്തുന്നതാണ്. സഭാ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടാനുള്ള

ബഹുമാനപ്പെട്ട അംഗങ്ങളുടെ ന്യായമായ അവകാശങ്ങളെയും കീഴ്വഴക്കപ്രകാരം ലഭ്യമായിരുന്ന അവസരങ്ങളെയും പരമാവധി സംരക്ഷിക്കുന്ന തരത്തിൽ ഇക്കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയുമെന്നും ഭരണ-പ്രതിപക്ഷ അംഗങ്ങളുടെയും മന്ത്രിമാരുടെയും സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു.

(2) നിയമസഭാ ചട്ട ലംഘനം

ശ്രീ. രമേശ് ചെന്നിത്തല: 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബിൽ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 2021-ലെ 113-ാം നമ്പർ ഓർഡിനൻസ് 2021 ഒക്ടോബർ 4-ന് സഭയുടെ മേശപ്പുറത്തുവച്ചെങ്കിലും ചട്ടം 75(2) പ്രകാരം വയ്ക്കേണ്ട സ്റ്റേറ്റ്മെന്റ് സഭയുടെ മേശപ്പുറത്തു വയ്ക്കാത്തത് നിയമസഭാ ചട്ടങ്ങളുടെ ലംഘനമാണ്.

**റൂളിംഗ്**

മി. സ്പീക്കർ: ചട്ടം 75(2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് യഥാസമയം നിയമവകുപ്പിൽ നിന്നും നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയിരുന്നെങ്കിലും മേശപ്പുറത്ത് വയ്ക്കുന്ന കടലാസുകൾ സംബന്ധിച്ച സമിതി വിഭാഗത്തിൽ പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ യഥാസമയം ലഭ്യമാക്കുന്നതിൽ സംഭവിച്ച പിഴവാണ് ഇത്തരമൊരു വീഴ്ചയിലേയ്ക്ക് നയിക്കപ്പെട്ടത്. സഭാ

നടപടികളുമായി ബന്ധപ്പെട്ട് ഏറെ അവധാനതയോടെ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളിൽ ഭാവിയിൽ വീഴ്ചകൾ ആവർത്തിക്കപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ താക്കീത് ചെയ്യുന്നു.

2021-ലെ 113-ാം നമ്പർ ഓർഡിനൻസുമായി ബന്ധപ്പെട്ട ചട്ടം 75(2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് പ്രത്യേക ലിസ്റ്റ് മുഖേന ഇന്ന് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സംഭവിച്ച വീഴ്ച സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ബഹുമാനപ്പെട്ട അംഗത്തിനോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

## VIII. നിയമനിർമ്മാണകാര്യം

### (1) 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

## IX. ക്രമപ്രശ്നം

ബില്ലിലെ അപാകത

1. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): കോഴ്സുകളുടെ നടത്തിപ്പിന് മാത്രമായി അംഗീകാരം ലഭിച്ച് പ്രവർത്തിക്കുന്ന സ്വാശ്രയ കോളേജുകളിലെ നിയമനങ്ങൾക്ക് ചട്ടങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തുന്നത് സർക്കാരിൽ നിക്ഷിപ്തമല്ലാത്ത അധികാരത്തിന്റെ പ്രയോഗവും ആർട്ടിക്കിൾ 14-ന് വിരുദ്ധവുമാണ്. സ്വാശ്രയ സ്ഥാപനങ്ങളുടെ നിയന്ത്രണം ബന്ധപ്പെട്ട യൂണിവേഴ്സിറ്റികൾക്കായതിനാൽ യൂണിവേഴ്സിറ്റി ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതുവരെ പ്രത്യേക നിയമം കൊണ്ടുവരുന്നത് ക്രമപ്രകാരമല്ല. അപാകതകൾ പരിഹരിക്കുന്നതുവരെ ബിൽ അവതരണം മാറ്റിവയ്ക്കണം.

2. ശ്രീ. എൻ. ഷംസുദ്ദീൻ: ബില്ലിനടിസ്ഥാനമായ ഓർഡിനൻസ് പ്രകാരമുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഓർഡിനൻസിന് പകരം നിയമനിർമ്മാണം നടത്തുന്നത് ഉചിതമല്ല. കോടതി ഉത്തരവുകൾ മറികടക്കാൻ നിയമനിർമ്മാണം പാടില്ലെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി സംസ്ഥാന നിയമസഭകളെയും പാർലമെന്റിനെയും പലതവണ ഓർമ്മപ്പെടുത്തിയിട്ടുണ്ട്.

മതന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സർക്കാർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് ഭരണഘടനാ വ്യവസ്ഥകളുടെയും കോടതി വിധികളുടെയും ലംഘനമാണ്. ഇക്കാരണങ്ങളാൽ ബിൽ അവതരണം മാറ്റി വയ്ക്കണം.

3. ഡോ. മാത്യു കുഴൽനാടൻ: ബില്ലിലെ ഖണ്ഡം 4-ലെ വ്യവസ്ഥകൾ നിലവിലുള്ള വ്യത്യസ്ത സർവ്വകലാശാല നിയമങ്ങളിലെ വിവിധ വകുപ്പുകൾക്ക് വിരുദ്ധമാണ്. അതുസംബന്ധിച്ച overriding clause ബില്ലിൽ ചേർത്തിട്ടില്ല.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സംസ്ഥാനത്തെ സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനം, സേവന വ്യവസ്ഥകൾ എന്നിവയാണ് ബില്ലിൽ പ്രതിപാദിക്കുന്നത്. സമാന ജോലിയിൽ ഏർപ്പെടുന്നവരുടെ സേവന-വേതന വ്യവസ്ഥകൾ സമാനമായിരിക്കണം. ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യത്തിന് അനുസൃതമായി സ്വാശ്രയ കോളേജുകൾ എന്നതിന് നിർവ്വചനം നൽകിയിട്ടുള്ളതിനാൽ പ്രസ്തുത നിർവ്വചനം നിലനിൽക്കുകയില്ലെന്ന വാദം അപ്രസക്തമാണ്. ടി ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് നിലവിൽ കേരള യൂണിവേഴ്സിറ്റി നിയമത്തിൽ ഭേദഗതി വരുത്തേണ്ട ആവശ്യമില്ല.

സ്വാശ്രയ സ്ഥാപനങ്ങളുടെമേൽ നിയന്ത്രണം കൊണ്ടുവരാനല്ല, ടി ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനാണ് റെഗുലേഷനുകളുണ്ടാക്കുവാൻ സർവ്വകലാശാലയ്ക്ക് അധികാരം നൽകുന്നത്. ആയതിനാൽ യൂണിവേഴ്സിറ്റി ആക്ടിൽ ഭേദഗതി വരുത്താതെ പ്രത്യേക നിയമനിർമ്മാണം നടത്തുന്നത് ഫലപ്രദമല്ലാത്തതും ക്രമവിരുദ്ധവുമാണെന്ന പ്രസ്താവനയ്ക്ക് അടിസ്ഥാനമില്ല.

2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) അടിസ്ഥാനമായ ഓർഡിനൻസിന്റെ നാലാം വകുപ്പിനും അഞ്ചാം വകുപ്പിനും കീഴിലെടുക്കുന്ന യാതൊരു നടപടിയും റിട്ട് ഹർജിയുടെ അന്തിമ വിധിക്ക് വിധേയമായിരിക്കുമെന്നാണ് ഹൈക്കോടതി ഉത്തരവായിട്ടുള്ളത്. ഭരണഘടനാവിരുദ്ധമായ യാതൊരു വ്യവസ്ഥയും ടി ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. അദ്ധ്യാപകരുടെ വിദ്യാഭ്യാസ ഗുണനിലവാരം ഉറപ്പുവരുത്തുന്ന ടി ബില്ലിലെ വ്യവസ്ഥകൾ ഭരണഘടനയ്ക്ക് അനുസൃതവും നിയമ പരവുമാണ്.

1974-ലെ കേരള സർവ്വകലാശാല ആക്ടിലെ 69-ാം വകുപ്പ്, കോഴിക്കോട് സർവ്വകലാശാല ആക്ടിലെ 68 (എ) വകുപ്പ്, എം.ജി

സർവ്വകലാശാല ആക്ടിലെ 73 (എ) വകുപ്പ്, കണ്ണൂർ സർവ്വകലാശാല ആക്ടിലെ 97-ാം വകുപ്പ് എന്നിവ സമാന സ്വഭാവത്തിലുള്ളതും സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ശമ്പളസ്കെയിലും മറ്റ് സേവന വ്യവസ്ഥകളും കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പ്രകാരം സർക്കാർ നിയമിക്കുന്ന സമിതിയുടെ ശിപാർശ പ്രകാരമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. തസ്തിക, ശമ്പള സ്കെയിൽ, ശമ്പളം, ഇൻക്രിമെന്റ്, പ്രൊമോഷൻ, ഗ്രേഡ്, നിയമന കാലയളവ് തുടങ്ങിയവ സംബന്ധിച്ച് വിദ്യാഭ്യാസ ഏജൻസിയുമായി കരാറിൽ ഏർപ്പെടണമെന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കു പുറമേയും അവയ്ക്ക് ഭംഗം വരുത്താതെയും ആയിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ടി ബില്ലിലെ വ്യവസ്ഥകൾ മേൽപ്പറഞ്ഞ സർവ്വകലാശാല നിയമങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ല. ഈ സാഹചര്യത്തിൽ ബിൽ അവതരിപ്പിക്കുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബില്ലിലെ വ്യവസ്ഥകൾ ഭരണഘടനയുടെയോ നിലവിലുള്ള മറ്റ് നിയമങ്ങളുടെയോ, ഏതെങ്കിലും കോടതി വിധിയുടെയോ ഉള്ളടക്കത്തിന് വിരുദ്ധമല്ലെന്നും സംസ്ഥാനത്തെ സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനവും സേവന വ്യവസ്ഥകളും ഏകീകരിക്കുന്നതിനും നിയമവിധേയമാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു നിയമമാണ് ഇതെന്നുമുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി വസ്തുതാപരമായതിനാൽ ഇതുമായി ബന്ധപ്പെട്ട ഓർഡിനൻസിന്മേലുള്ള കോടതി വ്യവഹാരങ്ങൾ ഒരുതരത്തിലും പ്രസ്തുത ഓർഡിനൻസിനു പകരമുള്ള നിയമ നിർമ്മാണാധികാരത്തെ പരിമിതപ്പെടുത്തുന്നില്ല. ബില്ലിലെ വ്യവസ്ഥകളിന്മേൽ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നങ്ങൾ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനാ വേളയിലോ സഭയിലെ വകുപ്പ് തിരിച്ചുള്ള പരിഗണനാ വേളയിലോ പരിഹരിക്കപ്പെടാവുന്നതുമാണ്. അതിനാൽ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനാധികാരത്തെ നിയന്ത്രിക്കാതെ സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നീതിയുക്തമായ രീതിയിൽ ഉറപ്പുവരുത്തിക്കൊണ്ട് ടി സ്ഥാപനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുകയെന്നതാണ് ബില്ലിന്റെ മുഖ്യലക്ഷ്യം. സ്വാശ്രയ കോളേജുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സാമൂഹ്യ സുരക്ഷയും വിദ്യാർത്ഥികളുടെ പഠന

നിലവാരത്തിനും ടി മേഖലയിൽ ചില പരിഷ്കാരങ്ങളാവശ്യമുണ്ടെന്ന് സർക്കാരിന് ബോധ്യപ്പെട്ടതിനാലും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശയുടെയും അടിസ്ഥാനത്തിലാണ് നിയമ നിർമ്മാണം നടത്തുന്നത്. ഒരു ജീവനക്കാരന് റെഗുലേറ്ററി ബോഡി നിശ്ചയിച്ച യോഗ്യതകളില്ലെങ്കിൽ സർക്കാർ നിശ്ചയിക്കുന്ന തീയതിക്കുള്ളിൽ പ്രസ്തുത യോഗ്യത നേടുവാനുള്ള അവസരം ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സർവ്വകലാശാലകളുമായി അഫിലിയേറ്റ് ചെയ്ത സർക്കാർ കോളേജുകളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർക്ക് ബാധകമായ തൊഴിൽ നിയമങ്ങളും അവധികളും സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കും ബാധകമാക്കുന്നതിനും ഇ.പി.എഫ്.ലും ഇൻഷ്വറൻസ് പദ്ധതിയിലും അംഗമാക്കി ജീവനക്കാരുടെ പരിരക്ഷ ഉറപ്പാക്കാനും ഈ ബിൽ ലക്ഷ്യമിടുന്നുണ്ട്. സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന സാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും പരാതി പരിഹാരത്തിനും ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിനാണ് ബിൽ കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: I move that " This House resolves to disapprove the Kerala Self Financing College Teaching and Non-teaching Employees (Appointment and Conditions of Service) Ordinace, 2021 (Ordinance No. 95 of 2021)"

ബില്ലിൽ റെഗുലേറ്ററി ബോഡിയുടെ ഉത്തരവാദിത്തങ്ങളെ സംബന്ധിച്ചോ അപ്പീൽ സമർപ്പിക്കുന്നതിനുള്ള സമിതിയെ സംബന്ധിച്ചോ വ്യവസ്ഥ ചെയ്തിട്ടില്ല. കേരളത്തിലെ വിദ്യാർത്ഥികളെ ലോകോത്തര നിലവാരത്തിലെത്തിക്കുന്നതിനും വിദ്യാഭ്യാസ നിലവാരം ഉയർത്താനുമുള്ള നടപടികൾ സ്വീകരിക്കണം. സ്വാശ്രയ കോളേജുകളിലെ വരുമാന സ്രോതസ്സിനെ സംബന്ധിച്ച് റഗുലേഷൻസ് കൊണ്ടുവരേണ്ടത് അനിവാര്യമാണ്. വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതോടൊപ്പം സർക്കാർ കോളേജുകളിൽ പ്രിൻസിപ്പാൾ, അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്താനും നടപടി സ്വീകരിക്കണം.

ശ്രീ. പി. അബ്ദുൽ ഹമീദ്: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. വിദ്യാഭ്യാസ മേഖലയെ സർക്കാരിന്റെ നിയന്ത്രണത്തിലാക്കാനുള്ള ഗൂഢലക്ഷ്യമാണ് ഈ ബില്ലിൽ പ്രകടമാകുന്നത്. കേരളത്തിലെ

സ്വകാര്യ-സ്വാശ്രയ കോളേജുകളെ പ്രോത്സാഹിപ്പിക്കാനും നിയന്ത്രിക്കാനുമുള്ള നടപടി സ്വീകരിക്കണം. കോവിഡ് പ്രതിസന്ധി പരിഹരിക്കപ്പെടുന്നതുവരെ സ്വാശ്രയ മേഖലയിലെ ജീവനക്കാർക്ക് വേതനം നൽകാൻ ആവശ്യമായ തുക അനുവദിക്കുകയും സ്വാശ്രയ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ തയ്യാറാകുകയും വേണം. വിദ്യാഭ്യാസ ഗുണനിലവാരം അന്തർദേശീയ തലത്തിലേയ്ക്ക് ഉയർത്തുന്നതിനായി കോളേജുകളിൽ ഫാക്കൽറ്റികളെ നിയമിക്കുന്നതിനും അവരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും ന്യൂ ജനറേഷൻ കോഴ്സുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. സ്വാശ്രയ കോളേജുകളുടെ മാനേജുമെന്റുമായും അദ്ധ്യാപക സംഘടനകളുമായും ചർച്ച ചെയ്ത് എല്ലാവർക്കും സ്വീകാര്യമായ രീതിയിൽ ബിൽ കൊണ്ടുവരണം.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ,

തൊഴിൽപരമായ അവകാശങ്ങൾ എന്നിവയുടെ സംരക്ഷണം, വിദ്യാഭ്യാസ രംഗത്തെ കച്ചവടവൽക്കരണത്തിന്റെ നിയന്ത്രണം എന്നിവയാണ് ഈ ബില്ലിലൂടെ ലക്ഷ്യമിടുന്നത്. സ്വാശ്രയ കോളേജുകളുടെ തൊഴിൽ ദിനങ്ങളും ജോലി സമയവും ഗവൺമെന്റ്/എയ്ഡഡ് കോളേജിന് സമാനമാക്കുകയും പ്രോവിഡന്റ് ഫണ്ട്, പെൻഷൻ, ഇൻഷ്വറൻസ് എന്നിവ ഏർപ്പെടുത്തുകയും നിയമനത്തിനുശേഷം ബന്ധപ്പെട്ട അഫിലിയേറ്റഡ് യൂണിവേഴ്സിറ്റിയിൽ മൂന്നുമാസത്തിനകം രജിസ്റ്റർ ചെയ്യണമെന്നുള്ള നിയമ പരിരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. സിൻഡിക്കേറ്റ് തീരുമാനത്തിന് വിധേയമായ അച്ചടക്ക നടപടികൾക്ക് സമയപരിധി ഏർപ്പെടുത്തണം. അഞ്ചുവർഷം സ്ഥിരതയോടെ പ്രവർത്തിക്കുന്ന സ്വാശ്രയ കോളേജുകൾക്ക് യൂണിവേഴ്സിറ്റി അഫിലിയേഷൻ കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. സ്വാശ്രയ കോളേജുകളെ ഉൾക്കൊള്ളാൻ പര്യാപ്തമായ നിലയിൽ കേരളത്തിലെ യൂണിവേഴ്സിറ്റി ആക്ടുകളും സ്റ്റാറ്റ്യൂട്ടുകളും പരിഷ്കരിക്കുകയും യൂണിവേഴ്സിറ്റിയുടെ ഭരണതലത്തിലുള്ള ഗവേണിംഗ് കൗൺസിലുകളിലേയ്ക്ക് സ്വാശ്രയ കോളേജുകളിലെ ജീവനക്കാരെ ഉൾപ്പെടുത്തുകയും വേണം. ഈ ബില്ലിൽ പരാമർശിക്കുന്ന സേവന-വേതന വ്യവസ്ഥകൾ എയിഡഡ് കോളേജുകളിലെ

അദ്ധ്യാപക-അനദ്ധ്യാപക വിഭാഗത്തിനും ബാധകമാക്കണം. സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കുന്നതോടൊപ്പം എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് നിയമപരമായ ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. സ്വാശ്രയ കോളേജുകളിൽ രൂപീകരിക്കേണ്ട വിവിധ നികായങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് ചട്ടങ്ങൾ നിർമ്മിക്കണം.

ഡോ. മാത്യു കുഴൽനാടൻ: 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ദീർഘവീക്ഷണത്തോടെയുള്ള നിയമനിർമ്മാണമാണ് വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ടത്. സ്വാശ്രയ കോളേജുകളെ നിയന്ത്രിക്കുന്നതോടൊപ്പം അവയെ ശക്തിപ്പെടുത്തുന്നതിനും അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ശാന്തകുമാരി കെ. ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ടി. ഐ. മധുസൂദനൻ): ഭേദഗതിയെ പിന്താങ്ങുന്നു. സ്വാശ്രയ

മേഖലയിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് അർഹമായ പരിഗണന നൽകണം. സ്വാശ്രയ സ്ഥാപനങ്ങളിലെ നിയമനങ്ങൾ മാനദണ്ഡങ്ങൾക്കനുസൃതമായി നടത്തണമെന്നും സേവന-വേതന വ്യവസ്ഥകൾ പാലിക്കണമെന്നും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. മിനിമം വേതന വ്യവസ്ഥയും ജീവനക്കാരുടെ മറ്റാനുകൂല്യങ്ങളും മാനദണ്ഡങ്ങൾക്ക് വിധേയമായ പ്രൊമോഷനും സംബന്ധിച്ച് ബില്ലിൽ ഉൾപ്പെടുത്തണം.

ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. മുഹമ്മദ് മുഹസിൻ: ഭേദഗതിയെ പിന്താങ്ങുന്നു. സ്വാശ്രയ മേഖലയിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരെ പരിഗണിക്കുന്ന നിയമനിർമ്മാണം സ്വാഗതാർഹമാണ്. വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നവിധത്തിൽ വിദഗ്ദ്ധരായ അദ്ധ്യാപകരെ നിയമിക്കുകയും അവർക്ക് മാനദണ്ഡപ്രകാരമുള്ള ആനുകൂല്യങ്ങൾ ഉറപ്പാക്കുകയും വേണം. വിദ്യാഭ്യാസത്തെ കച്ചവടവൽക്കരിക്കുന്ന രീതി അവസാനിപ്പിക്കണം. ഉന്നതവിദ്യാഭ്യാസ മേഖലയിൽ മാറ്റമുണ്ടാക്കുന്നതിനും സ്വാശ്രയ/ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ മികച്ച നേട്ടം കൈവരിക്കാനുമുതകുന്നതാണ് ഈ ബിൽ.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ബില്ലുമായി ബന്ധപ്പെട്ട് മുന്നോട്ടുവച്ച ക്രിയാത്മക നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. തൊഴിൽ രഹിതരായ വിദ്യാർത്ഥികളുടെ ഭാവി മുന്നിൽക്കണ്ടാണ് സ്വാശ്രയ വിദ്യാഭ്യാസ മേഖലയുടെ ഗുണപരത ഉറപ്പുവരുത്താൻ ശ്രമിക്കുന്നത്. സ്വാശ്രയ സ്ഥാപനങ്ങളെ ദേശീയ/അന്തർദ്ദേശീയ നിലവാരത്തിലെത്തിക്കുന്നതിന്റെയും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന്റെയും ഭാഗമായി ഒട്ടേറെ കോളേജുകളിൽ ന്യൂ ജനറേഷൻ കോഴ്സുകൾ ആരംഭിക്കുകയുണ്ടായി. കാമ്പസുകളിൽ ജൻഡർ ജെസ്റ്റിസ് ഫോറങ്ങളും ഇന്റേണൽ കംപ്ലയ്ന്റ്സ് കമ്മിറ്റികളും രൂപീകരിക്കണമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലിംഗനീതിയെക്കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചുമുള്ള ധാരണ കുട്ടികൾക്ക് പകർന്നുനൽകാൻ കഴിയുന്ന തരത്തിലുള്ള വിദ്യാഭ്യാസ പരിപാടികൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. സ്വാശ്രയ മേഖലയിലെ അദ്ധ്യാപകർക്ക് നീതിയുക്തമായ സേവന-വേതന സാഹചര്യമുണ്ടാകണമെന്നതാണ് സർക്കാർ നിലപാട്. നിർദ്ദിഷ്ട യോഗ്യതയില്ലാത്ത അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർക്ക് നിശ്ചിത യോഗ്യത നേടിയെടുക്കാൻ ആവശ്യമായ സാവകാശം നൽകുന്നതിന് ബില്ലിൽ

വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ സാമാന്യ അവകാശങ്ങളെ സംരക്ഷിക്കുന്നതിനും ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുമുതകുന്നതാണ് ഈ നിയമം. വിദ്യാഭ്യാസ-സമ്പദ് വ്യവസ്ഥയ്ക്ക് ശക്തിപകരുംവിധം നവീന കോഴ്സുകൾ ഉന്നത വിദ്യാഭ്യാസ മേഖലയിലുണ്ടാകണമെന്നതാണ് സർക്കാർ നിലപാട്. സ്വാശ്രയ സ്ഥാപനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയെന്ന സാമൂഹ്യ ഉത്തരവാദിത്തമാണ് ബിൽ അവതരണത്തിലൂടെ സർക്കാർ നിർവ്വഹിക്കുന്നത്.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയച്ചു.

## (2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സഭയിലെ ചർച്ചയിലും സബ്ജക്ട് കമ്മിറ്റിയിലും ഉയർന്നുവന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബില്ലാണ് അവതരിപ്പിച്ചിട്ടുള്ളത്. ജനറൽ കൗൺസിലിലും ബോർഡ് ഓഫ് ഗവർണേഴ്സിലും നിയമസഭാംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്നവരുടേയും വിദ്യാർത്ഥികളുടേയും പ്രാതിനിധ്യം ഉറപ്പുവരുത്തിയതിനൊപ്പം ജനറൽ കൗൺസിലിൽ പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ പ്രാതിനിധ്യവും ഉറപ്പുവരുത്തിയിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഭൂമി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഐ.ഐ.ഐ.ടി.എം.കെ. കൈമാറ്റം ചെയ്തുകൊടുക്കുമെന്ന വ്യവസ്ഥയും വി.സി.-യെ തെരഞ്ഞെടുക്കുന്ന സമിതിയിലും കൗൺസിലിലും സ്പോൺസർ എന്റിറ്റിയായ കമ്പനി പ്രതിനിധി ഉണ്ടാകുമെന്ന വ്യവസ്ഥയും ഭേദഗതി ചെയ്ത നടപടിയെ സ്വാഗതം ചെയ്യുന്നു. വി.സി.-യെ തെരഞ്ഞെടുക്കുന്ന സമിതിയിൽ എ.ഐ.സി.റ്റി.ഇ. പ്രതിനിധികളെ ഉൾപ്പെടുത്തണം. ഓർഡിനൻസ് പ്രകാരം സ്ഥാപിതമായ ഡിജിറ്റൽ സർവ്വകലാശാലയിൽ ഐ.ഐ.ഐ.ടി.എം.കെ.-യിലെ യു.ജി.സി. യോഗ്യതയില്ലാത്തവരെ അദ്ധ്യാപകരായി നിയമിച്ചത് യു.ജി.സി. അംഗീകാരം ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാക്കും. ഐ.ഐ.ഐ.ടി.എം.കെ. നേരിട്ട് നിയമിച്ചവരേയും അദ്ധ്യാപക യോഗ്യതയില്ലാത്തവരേയും സ്പോൺസറിംഗ് എന്റിറ്റിയുടെ പേരിൽ യൂണിവേഴ്സിറ്റി അദ്ധ്യാപകരായി മാറ്റിയ നടപടി യു.ജി.സി. ഗൈഡ്‌ലൈനിന് വിരുദ്ധമാണ്. ഡിജിറ്റൽ സർവ്വകലാശാല നിയമനങ്ങൾക്കുള്ള റിക്രൂട്ടിംഗ് ഏജൻസിയായി ഐ.ഐ.ഐ.ടി.എം.കെ. മാറുന്ന രീതി സർവ്വകലാശാല രൂപീകരണത്തിന്റെ പ്രഖ്യാപിത ലക്ഷ്യത്തെ പരാജയപ്പെടുത്തുന്നതാണ്.

ശ്രീ. എം. എസ്. അരുൺ കുമാർ ചുമതലപ്പെടുത്തിയതുപ്രകാരം

<u>ശ്രീ. എം. വിജിൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തിലൂടെ വിജ്ഞാനത്തിലൂന്നിയ തലമുറയെ സൃഷ്ടിക്കുന്നതോടൊപ്പം നവീകരണം, ഉല്പാദനം, സംരംഭകത്വം ഉൾപ്പെടെയുള്ള മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പുതിയ സർവ്വകലാശാലകൾ വികസിപ്പിക്കുകയെന്നതുമാണ് ബില്ലിലൂടെ ലക്ഷ്യമിടുന്നത്. ഐ.ഐ.ഐ.ടി.എം.കെ.-യെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയായി ഉയർത്തുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. വിവിധ വിഷയങ്ങളിൽ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് പഠനം നടത്തുന്ന പ്രധാനപ്പെട്ട അഞ്ച് സ്കൂളുകളിലൂടെ ഡിജിറ്റൽ സർവ്വകലാശാലയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാനാണ് ശ്രമിക്കുന്നത്. പി.ജി റിസർച്ച് പ്രോഗ്രാമിലൂടെ തൊഴിലിന്റെ അനന്തസാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ ടി യൂണിവേഴ്സിറ്റിയിലൂടെ സാധിക്കും. പി.ജി./പി.എച്ച്.ഡി. കോഴ്സുകൾക്ക് യു.ജി.സി. അംഗീകാരം നേടാൻ സാധിച്ചത് അഭിമാനകരമാണ്.

തൊഴിലെടുക്കുന്നതോടൊപ്പം ഗവേഷണത്തിനും സാമൂഹിക പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും ഡിജിറ്റൽ യൂണിവേഴ്സിറ്റിയിലൂടെ കഴിയുന്നു.

ശ്രീ. എം. രാജഗോപാലൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. പി. സുമോദ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഡിജിറ്റൽ സാങ്കേതിക രംഗത്ത് ആഗോള നിലവാരം ഉറപ്പാക്കുന്ന തരത്തിൽ ഉന്നതവിദ്യാഭ്യാസത്തിന് അത്യാധുനിക സ്ഥാപന സംവിധാനമൊരുക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാലയ്ക്ക് രൂപം കൊടുത്തിട്ടുള്ളത്. നോളജ് ഇക്കോണമിക്ക് കരുത്ത് പകരുന്ന പ്രവർത്തനങ്ങളാണ് ടി സർവ്വകലാശാല നടത്തുന്നത്. മികച്ച പഠന നിലവാരവും പശ്ചാത്തല സൗകര്യവുമൊരുക്കി ഗുണമേന്മയും തൊഴിൽ വൈദഗ്ദ്ധ്യവുമുള്ള വിദ്യാർത്ഥികളെ സൃഷ്ടിക്കുകയെന്നതാണ് ടി സർവ്വകലാശാലയിലൂടെ ലക്ഷ്യമിടുന്നത്. സംവരണതത്വങ്ങൾ പാലിച്ചുകൊണ്ട് പ്രവേശനം ഉറപ്പാക്കുന്നതിലൂടെ സാധാരണക്കാരായ വിദ്യാർത്ഥികൾക്കുൾപ്പെടെ പഠനം നടത്തുന്നതിനും

വിദ്യാർത്ഥികളുടെ നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനും സാധിക്കും. വിദ്യാർത്ഥികൾക്ക് ശാസ്ത്രം, കല, മാനവിക വിഷയങ്ങളിലുൾപ്പെടെ സർവ്വമേഖലകളിലും ഡിജിറ്റൽ കോഴ്സുകളുടെ സാദ്ധ്യത പകർന്നുനൽകാനും ഡിജിറ്റൽ സർവ്വകലാശാല പ്രവർത്തിക്കുന്നത് തിരുവനന്തപുരം ടെക്നോസിറ്റിയിലായതിനാൽ വ്യവസായരംഗവുമായി കൈകോർക്കാനും സാധിക്കും. ഡിജിറ്റൽ ഉല്പന്നങ്ങൾ സൃഷ്ടിക്കുകയെന്നതും പഠനത്തോടൊപ്പം വിദ്യാർത്ഥികൾക്ക് സമ്പാദ്യമെന്നതും സർവ്വകലാശാലയുടെ പ്രധാനപ്പെട്ട ലക്ഷ്യമാണ്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് കരുത്ത് പകരുന്ന രൂപത്തിൽ ഭാവിതലമുറയെ വാർത്തെടുക്കാൻ ഡിജിറ്റൽ സർവ്വകലാശാലയ്ക്ക് കഴിയും.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): ഡിജിറ്റൽ സയൻസിന്റെ പുതിയ സാധ്യതകളും വളരുന്ന ടെക്നോളജി അടിസ്ഥാനപ്പെടുത്തിയുള്ള കോഴ്സുകളും മാനവവിഷയങ്ങളും പഠിപ്പിക്കാനും നൂതന സാങ്കേതികവിദ്യ പരമ്പരാഗത വ്യവസായങ്ങളുടെ വളർച്ചയ്ക്കുവേണ്ടി ഉപയോഗിക്കാനും സാധിക്കുന്ന കേന്ദ്രമായി ഈ സർവ്വകലാശാലയെ മാറ്റാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഡിജിറ്റൽ സർവ്വകലാശാലയിലെ

അദ്ധ്യാപക നിയമനം യു.ജി.സി. മാനദണ്ഡപ്രകാരമാണ് നടത്തിയിട്ടുള്ളത്; അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതാണ്. IIITM(K) എന്ന സ്ഥാപനത്തെ സ്പോൺസറിംഗ് എന്റിറ്റി ആക്കിയാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റി ആരംഭിക്കുന്നത്.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു:

220. (i) ഖണ്ഡം 2-ൽ (ബി) ഇനം വിട്ടുകളയേണ്ടതും ശേഷിക്കുന്ന ഇനങ്ങൾ പുനരക്ഷരം ചെയ്യുക

(ii) അപ്രകാരം പുനരക്ഷരം ചെയ്യപ്പെടുന്ന (ഇ) ഇനത്തിനു

പകരം താഴെപ്പറയുന്ന ഇനം ചേർക്കുക;

" (ഇ) "കമ്പനി" എന്നാൽ 2013-ലെ കമ്പനീസ് ആക്റ്റിൻ (2013-ലെ 18) കീഴിൽ രൂപീകരിക്കപ്പെട്ട ഒരു കമ്പനി എന്നർത്ഥമാകുന്നു;" .

(iii) അപ്രകാരം പുനരക്ഷരം ചെയ്യപ്പെടുന്ന (വി) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക, -

" (വി) "വിദ്യാർത്ഥി" എന്നാൽ സർവ്വകലാശാലയുടെ ഒരു ഡിഗ്രി, ഡിപ്ലോമ അല്ലെങ്കിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടിയുള്ള ഒരു പഠനക്രമമോ ഗവേഷണമോ നടത്തുന്നതിനായി റഗുലേഷനുകൾക്കനുസൃതമായി സർവ്വകലാശാലയിലോ സർവ്വകലാശാല സ്ഥാപിച്ചിട്ടുള്ള ഗവേഷണ വിദ്യാഭ്യാസ കേന്ദ്രങ്ങളിലോ സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിലോ ഒരു ഫുൾടൈം അല്ലെങ്കിൽ പാർട്ട് ടൈം വിദ്യാർത്ഥിയായി യഥാവിധി പ്രവേശനം ലഭിച്ചിട്ടുള്ള ഒരാൾ എന്നർത്ഥമാകുന്നു."

240. ഖണ്ഡം 2(സി)-ൽ "വകുപ്പിൽ" എന്നതിനുപകരം "വകുപ്പിൻ" എന്ന് ചേർക്കുക.

221, 224, 227, 229, 230, 233, 234, 235, 236, 237, 238, 239, 246, 247, 249, 250, 251, 258, 259, 260, 262, 265, 266, 267, 268, 270, 271, 272, 273, 274, 275, 276, 277, 278, 280, 283, 287, 288, 289, 290,

298, 299, 300, 301, 303, 305, 306, 310, 311, 312, 314, 315, 316, 317, 318, 319, 320, 324, 328, 329, 331, 333, 334, 335 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

246. ഖണ്ഡം 2(സി)-ൽ "രൂപവൽക്കരിച്ച" എന്നതിനുപകരം "രൂപവത്കരിച്ച" എന്ന് ചേർക്കുക.

270. ഖണ്ഡം 2(ജി)-ൽ " രൂപവത്കരിച്ച" എന്നതിനുപകരം "രൂപവത്ക്കരിച്ച" എന്ന് ചേർക്കുക.

331. ഖണ്ഡം 2(എക്സ്)-ൽ "മറ്റു" എന്നതിനുപകരം "മറ്റ്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

375. ഖണ്ഡം 3(5)-ൽ " നിയമ നടപടികളിലെയും" എന്നതിനു പകരം " നിയമനടപടികളിലെയും" എന്ന് ചേർക്കുക.

336, 337, 338, 341, 345, 346, 347, 348, 349, 353, 354, 356, 357, 359, 360, 361, 362, 363, 364, 365, 366, 367, 368, 370, 371, 374, 377, 379, 380, 383, 384, 385, 388, 390, 391, 392, 393, 394, 395,396, 398, 401, 402, 403, 404, 405, 408, 409 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

356. ഖണ്ഡം 3(4)-ൽ "നിക്ഷിപ്തിമാക്കപ്പെട്ടിട്ടുള്ളതോ" എന്നതിനു പകരം " നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ളതോ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

411, 412, 413, 414, 418, 419, 421, 429, 431, 434, 436, 437, 438, 439, 440, 444, 445, 447, 448, 450, 453, 454, 455, 456, 457, 458, 459, 460, 461, 463, 464, 465 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

411. ഖണ്ഡം 4(എ)-ൽ "വിവര സാങ്കേതികവിദ്യയിലും" എന്നതിനുപകരം "വിവരസാങ്കേതികവിദ്യയിലും" എന്ന് ചേർക്കുക.

444. ഖണ്ഡം 4(സി)-ൽ

(i) "ആനുഷംഗികമോ" എന്നതിനുപകരം "ആനുഷംഗികമായതോ" എന്ന് ചേർക്കുക

448. ഖണ്ഡം 4(ഡി)-ൽ

(i) "വിവരസാങ്കേതിക വിദ്യയിലും" എന്നതിനുപകരം

"വിവരസാങ്കേതികവിദ്യയിലും" എന്ന് ചേർക്കുക

(ii)"സാങ്കേതിക വിദ്യയിലും" എന്നതിനുപകരം

"സാങ്കേതികവിദ്യയിലും" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

468. ഖണ്ഡം 5-ൽ

(i) (ഇ) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക.

"(ഇ) സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലും സർക്കാരിന്റെ അനുമതിയോടു കൂടി ഭാരതത്തിന്റെ മറ്റു ഭാഗങ്ങളിലും ഗവേഷണ വിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിക്കുക;".

(ii) (എഫ്) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക.

"(എഫ്) സർക്കാരിന്റെ അംഗീകാരമുള്ള ഗവേഷണ സ്ഥാപനങ്ങളെയും പരിശീലന കേന്ദ്രങ്ങളെയും, സ്റ്റാറ്റ്യൂട്ടുകൾക്കനുസൃതമായി, സർവ്വകലാശാലയുടെ എക്സ്റ്റെൻഷൻ സെന്ററുകളായും സ്വതന്ത്രമായ മികവിന്റെ കേന്ദ്രങ്ങളായും പരിശീലന കേന്ദ്രങ്ങളായും ഔട്ട് റീച്ച് സെന്ററുകളായും പ്രവർത്തിക്കുന്നതിനായി അംഗീകാരം നൽകുക;" .

552. ഖണ്ഡം 5(എച്ച്)-ൽ "നിർവ്വഹിക്കുകയും" എന്ന വാക്ക് നീക്കം ചെയ്യുക.

570. ഖണ്ഡം 5(ഐ)-ൽ "മറ്റു" എന്ന വാക്ക് വരുന്നിടത്തെല്ലാം "മറ്റ്" എന്ന് ചേർക്കുക.

608. ഖണ്ഡം 5(എൽ)-ൽ "മറ്റു" എന്നതിനുപകരം "മറ്റ്" എന്ന് ചേർക്കുക.

617. ഖണ്ഡം 5(എൻ)-ൽ "സയൻസിലും" എന്നതിനുപകരം "സയൻസ്" എന്ന് ചേർക്കുക.

470, 476, 478, 479, 480, 481, 483, 484, 485, 486, 490, 491, 493, 495, 499, 500, 501, 504, 505, 507, 508, 509, 510, 511, 512, 513, 514, 515, 517, 519, 520, 521, 524, 525, 526, 527, 528, 529, 530, 532, 533, 534, 539, 540, 541, 544, 547, 548, 554, 555, 561, 562, 567, 568, 569, 572, 574, 576, 577, 579, 584, 589, 590, 591, 592, 593, 597, 598, 599, 601, 602, 603, 604, 605, 609, 613, 614, 620, 624, 625, 626, 627, 628, 629, 630, 632, 636, 637, 638, 641, 643, 644, 645, 647, 649, 651, 655,

656, 658, 659, 661, 662, 664, 665, 666, 668, 669, 670, 671, 672, 674, 677, 678, 679, 680, 681, 682, 683, 684, 685, 686, 687, 688, 689, 690, 691, 692, 693, 695, 696, 697, 698, 699, 700, 702, 703, 705, 706, 707, 709, 710, 711, 712, 713, 714, 715, 716, 717, 718, 719, 721, 722, 723, 724, 725 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി മാറ്റങ്ങളോടെ സ്വീകരിച്ചു.

476. ഖണ്ഡം 5(എ)-ൽ "നിശ്ചയിച്ചേക്കാവുന്ന" എന്നതിന് പകരം "നിശ്ചയിക്കുന്ന" എന്ന ഭേദഗതിക്കുശേഷം വരുന്ന "പ്രകാരമുള്ള" എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

491. ഖണ്ഡം 5(ബി)-ൽ " നിശ്ചയിച്ചേക്കാവുന്ന" എന്നതിനുപകരം "നിശ്ചയിക്കുന്ന" എന്ന് ചേർക്കുക.

500. ഖണ്ഡം 5(ബി)-ൽ "മറ്റു" എന്ന വാക്കിനു പകരം "മറ്റ്" എന്ന വാക്ക് ചേർക്കുക.

504. ഖണ്ഡം 5(സി)-ൽ "മറ്റു" എന്നതിനുപകരം "മറ്റ്" എന്ന് ചേർക്കുക.

509. ഖണ്ഡം 5(ഡി)-ൽ "മറ്റു" എന്നതിനുപകരം "മറ്റ്" എന്നും "പടുത്തുയർത്തുക" എന്നതിന് പകരം "സ്ഥാപിക്കുക" എന്നും ചേർക്കുക.

602. ഖണ്ഡം 5(കെ)-ൽ "നിലനിറുത്തുന്നതിനുമായി" എന്നതിനുപകരം "നിലനിർത്തുന്നതിനുമായി" എന്ന് ചേർക്കുക.

604. ഖണ്ഡം 5(എൽ)-ൽ "പ്രാക്ടീസും" എന്നതിനുപകരം " പരിശീലനവും" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

726, 727, 728, 729, 730, 731, 732, 733, 734, 735, 736, 737, 738, 739, 743, 744, 745, 746, 748, 749, 750, 751 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

752, 753, 754, 755, 757, 761, 762 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

763, 764, 765, 766, 767, 768, 769, 772, 773, 774, 775, 776, 778, 779, 780 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

779. ഖണ്ഡം 8(5)-ൽ " രൂപവൽക്കരിക്കേണ്ടതാണ്" എന്നതിനു പകരം "രൂപവത്കരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒമ്പതാം വകുപ്പ്

783, 785, 786, 787, 790, 791, 795 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്താം വകുപ്പ്</u>

796, 798, 799, 801, 804, 805, 807, 809 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനൊന്നാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

811. ഖണ്ഡം 11(7)-ന്റെ ക്ലിപ്തനിബന്ധനയിൽ " ചാലസലറിന്" എന്നതിന് പകരം "ചാൻസലറിന് " എന്ന് ചേർക്കുക.

812, 815, 816, 817, 821, 822, 823, 824, 828, 830, 831, 832, 836, 837, 838, 839, 840, 841, 842, 843, 844, 846, 847, 849, 850, 851 (i), 852, 858, 861, 862, 863 (i), 873, 874, 875, 877, 879, 880, 881, 882, 885, 887, 888, 891, 892, 893 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു:

816. ഖണ്ഡം 11(1)-ൽ "സാങ്കേതിക വിദ്യ" എന്നതിന് പകരം

"സാങ്കേതികവിദ്യ " എന്ന് ചേർക്കുക.

887. ഖണ്ഡം 11(10)-ൽ, "ആറു" എന്നതിന് പകരം "ആറ്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പന്ത്രണ്ടാം വകുപ്പ്</u>

894, 895, 897, 898 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിമൂന്നാം വകുപ്പ്

899, 900, 903, 904, 905, 906, 907, 908 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു:

904. ഖണ്ഡം 13(1)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിനുപകരം "നിർണ്ണയിക്കപ്പെടുന്ന" എന്ന് ചേർക്കുക.

907. ഖണ്ഡം 13(2)-ൽ "ഒപ്പു" എന്നതിനുപകരം "ഒപ്പ്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനാലാം വകുപ്പ്

914, 915, 916, 917 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനഞ്ചാം വകുപ്പ്

919, 920, 921, 922, 923, 924 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു:

921. ഖണ്ഡം 15-ൽ "മറ്റു" എന്നതിനുപകരം "മറ്റ്" എന്ന് ചേർക്കുക.

924. ഖണ്ഡം 15-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിനുപകരം "നിർണ്ണയിക്കപ്പെടുന്ന" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാറാം വകുപ്പ്</u>

925, 926, 927, 930 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനേഴാം വകുപ്പ്</u>

931, 932, 933, 934, 937, 939, 940, 941, 947, 950, 951, 952, 953, 954, 955, 958, 959, 960, 961, 962, 963, 965, 966, 967, 968, 969, 970, 971, 973, 975 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി  സ്വീകരിച്ചു:

955. ഖണ്ഡം 17(2)(xix)-ൽ,

(i)"മൂന്നു" എന്നതിനുപകരം "മൂന്ന്" എന്ന് ചേർക്കുക.

(ii) "വിവര-സാങ്കേതിക വിദ്യയിലോ" എന്നതിനുപകരം "വിവരസാങ്കേതികവിദ്യയിലോ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനെട്ടാം വകുപ്പ്</u>

978, 979, 980, 981, 982, 983, 984, 985, 986, 987, 989, 990, 991, 992, 994, 998, 1001, 1002, 1003, 1005, 1006 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി  സ്വീകരിച്ചു:

990. ഖണ്ഡം 18(1) (xvii)-ൽ "നാലു" എന്നതിന് പകരം “ നാല്” എന്നും “ രണ്ടു” എന്നതിന് പകരം “ രണ്ട്” എന്നും ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്തൊൻപതാം വകുപ്പ്</u>

1007, 1008, 1009, 1012, 1013, 1014, 1015, 1016 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപതാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു:

ഖണ്ഡം 20(4)-ൽ "വർഷത്തിൽ" എന്നത് ഒഴിവാക്കുക.

1018, 1019, 1020, 1023, 1024, 1025, 1026, 1027, 1028, 1029, 1030, 1031, 1033, 1034, 1035, 1036, 1037, 1038, 1039, 1040 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിയൊന്നാം വകുപ്പ്

1041, 1042, 1043, 1044, 1047, 1048, 1049 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിരണ്ടാം വകുപ്പ്

1053, 1054, 1055, 1056, 1057, 1058, 1059, 1060, 1061, 1062, 1063, 1064, 1066, 1067 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു:

1055. ഖണ്ഡം 22(1)(ii)-ൽ " രണ്ടു" എന്നതിന് പകരം "രണ്ട് " എന്ന് ചേർക്കുക.

1064. ഖണ്ഡം 22(5)-ൽ "അധ്യക്ഷത" എന്ന് വരുന്നിടത്തെല്ലാം "ആദ്ധ്യക്ഷ്യം" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിമൂന്നാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

1074. ഖണ്ഡം 23(1) -ൽ (v)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക.

"(vi) സർവ്വകലാശാലയിലെ വിദ്യാർത്ഥികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് വിദ്യാർത്ഥി പ്രതിനിധികൾ, അവരിൽ ഒരാൾ വിദ്യാർത്ഥിനി ആയിരിക്കേണ്ടതാണ്".

1075, 1079, 1080, 1081, 1082, 1083, 1084, 1085, 1086, 1089, 1090, 1093 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിനാലാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

1094. ഖണ്ഡം 24(1)-ൽ (iv)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:

"(v) സർവ്വകലാശാലയിലെ ഗവേഷണ വിദ്യാർത്ഥികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് വിദ്യാർത്ഥി പ്രതിനിധികൾ, അവരിൽ ഒരാൾ വിദ്യാർത്ഥിനി ആയിരിക്കേണ്ടതാണ്."

1095, 1096, 1097, 1098, 1099, 1100, 1103, 1106, 1107, 1108, 1109 1113 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

1108. ഖണ്ഡം 24(4)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിനുപകരം "നിർണ്ണയിക്കപ്പെടുന്ന" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയഞ്ചാം വകുപ്പ്

1114, 1115 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

1114. ഖണ്ഡം 25-ൽ, "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിനുപകരം

"നിർണ്ണയിക്കപ്പെടുന്ന" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

1115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയാറാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

1148. ഖണ്ഡം 26(x)-ൽ "ഇവ" എന്നതിനുപകരം "എന്നിവ" എന്ന് ചേർക്കുക.

1149. ഖണ്ഡം 26(xii)-ൽ "ഇവ" എന്നതിനുപകരം "എന്നിവ" എന്ന് ചേർക്കുക.

1116, 1119, 1121, 1123, 1124, 1126, 1128, 1129, 1130, 1132, 1133, 1137, 1138, 1141, 1146, 1147, 1150, 1151 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയേഴാം വകുപ്പ്

1152, 1153, 1154, 1155, 1156, 1157, 1158, 1159 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയെട്ടാം വകുപ്പ്

1160, 1161, 1162, 1165, 1166, 1167, 1168, 1169, 1170 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിയൊൻപതാം വകുപ്പ്

1171, 1172, 1173, 1174, 1175, 1179 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പതാം വകുപ്പ്

1180, 1183, 1184, 1185, 1188, 1192, 1193, 1194, 1195, 1196, 1197 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയൊന്നാം വകുപ്പ്</u>

1200, 1201, 1202 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിരണ്ടാം വകുപ്പ്</u>

1203, 1204, 1214 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിമൂന്നാം വകുപ്പ്</u>

1215, 1223, 1224 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിനാലാം വകുപ്പ്

1225, 1226, 1227, 1228 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിയഞ്ചാം വകുപ്പ്

1229, 1231 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1229. ഖണ്ഡം 35-ൽ "മറ്റു" എന്നതിനു പകരം "മറ്റ്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

1231-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയാറാം വകുപ്പ്</u>

1232-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയേഴാം വകുപ്പ്</u>

1233, 1234 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയെട്ടാം വകുപ്പ്</u>

1235-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയൊൻപതാം വകുപ്പ്</u>

1236, 1237, 1238 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പതാം വകുപ്പ്</u>

1239, 1240, 1242 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

നാൽപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിയൊന്നാം വകുപ്പ്</u>

1243, 1244 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

120, 121, 122, 123, 127, 128, 129, 130, 139, 140, 146, 147, 150, 154, 155, 157, 158, 159, 160, 163, 164, 165, 166, 173, 175, 176, 180, 183, 184, 187, 188, 191, 193, 198, 200, 201, 202, 203, 205, 208, 212, 215, 216, 217, 218, 219 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

212. ഖണ്ഡം 1(1)-ൽ " പേരു" എന്നതിനുപകരം "പേര്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സംസ്ഥാനത്തെ സർവ്വകലാശാലകളെ സംബന്ധിച്ച് വ്യാപകമായ ആക്ഷേപങ്ങൾ ഉയർന്നുവരുന്ന കാലഘട്ടത്തിലാണ് ഈ നിയമം പാസ്സാക്കുന്നത്. പിൻവാതിൽ നിയമനം നടത്താൻ ഈ ബിൽ കാരണമാകരുതെന്ന് അഭ്യർത്ഥിക്കുന്നു. ഉദാത്തമായ ലക്ഷ്യങ്ങൾക്കനുസൃതമായി സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സർക്കാർ ശ്രമിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കേരളത്തിലെ എല്ലാ സർവ്വകലാശാലകളും മികച്ച രീതിയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. നിയമനിർമ്മാണ പ്രക്രിയയിൽ ഇടപെട്ട

മുഴുവൻ അംഗങ്ങളെയും അഭിനന്ദിക്കുന്നു.

2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

## X. അറിയിപ്പ്

ബില്ലിന്റെ അവതരണം മാറ്റിവയ്ക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ഒക്ടോബർ 13-ാം തീയതി സഭ പരിഗണിക്കാനിരുന്ന 2021-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) (ഭേദഗതി) ബിൽ സംബന്ധിച്ച് വകുപ്പുതലത്തിൽ കൂടുതൽ പരിശോധന ആവശ്യമായതിനാൽ സഭയുടെ നടപ്പുസമ്മേളനത്തിൽ അവതരിപ്പിക്കുന്നതിൽനിന്നും മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട വനം വന്യജീവി വകുപ്പുമന്ത്രി കത്ത് നൽകിയിട്ടുണ്ട്. ഒക്ടോബർ 5-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സഭയുടെ അനുമതിയോടുകൂടി ഭാഗികമായ ഭേദഗതി വരുത്തി പ്രസ്തുത ബില്ലിന്റെ അവതരണവും തുടർ നടപടികളും മറ്റൊരവസരത്തിലേയ്ക്ക് മാറ്റിവയ്ക്കുകയാണ്.

സഭ വൈകുന്നേരം 5.36-ന് പിരിഞ്ഞു.

***********